## പ്രഥമാധ്യാപകർക്കുള്ള പൊതുനിർദ്ദേശങ്ങൾ
## രണ്ടാം പാദവാർഷിക മൂല്യനിർണയം 2015-16

1. സംസ്ഥാനതലത്തിൽ നിശ്ചയിച്ചിട്ടുള്ള സമയവിവരപട്ടിക പ്രകാരമാണ് മൂല്യനിർണയ പ്രവർത്തനങ്ങൾ നടത്തേണ്ടത്. സമയക്രമം, പൊതുനിർദ്ദേശം എന്നിവ മുൻകൂട്ടി എസ്.ആർ.ജി യോഗത്തിൽ ചർച്ച ചെയ്ത് തയ്യാറെടുപ്പ് നടത്തണം
2. മൂല്യനിർണയ പ്രവർത്തനങ്ങൾക്കുശേഷം എൽ.പി ക്ലാസ്സുകളിൽ പഠനപ്രവർത്തനം തുടരേണ്ടതാണ്.
3. ഓരോ ദിവസത്തെയും ചോദ്യപാക്കറ്റുകൾ മുൻകൂട്ടി പരിശോധിച്ച് വിഷയം, ആവശ്യമായ എണ്ണം എന്നിവ ഉറപ്പാക്കണം.
4. ചോദ്യപേപ്പർ, വിലയിരുത്തൽ സൂചകങ്ങൾ എന്നിവ അധ്യാപകർ പരിശോധിച്ച് വ്യക്തത വരുത്തണം.
5. മൂല്യനിർണയം ആരംഭിക്കുന്നതിനു മുമ്പായി 15 മിനിട്ട് സമാശ്വാസസമയം (cool off time) അനുവദിക്കേണ്ടതാണ്.
6. ഒന്നു മുതൽ നാലുവരെ ക്ലാസ്സുകളിലേക്ക് ഉത്തരമെഴുതാൻ കഴിയും വിധം ബുക്ക്ലെറ്റുകളായും യൂ.പി.തലത്തിൽ ചോദ്യപേപ്പറുകളായും ആണ് മൂല്യനിർണയ പ്രവർത്തനങ്ങൾ തയ്യാറാക്കിയിട്ടുള്ളത്.
7. മൂല്യനിർണയത്തിനുശേഷം കുട്ടികളുടെ പഠനനിലവാരം വിശകലനം ചെയ്ത് ആവശ്യമായ തുടർപ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.
8. ഓരോ ചോദ്യത്തിനും പോയിന്റ് കണക്കാക്കി ഗ്രേഡുകൾ (a,b,c,d,e) നൽകണം. എല്ലാ ഉത്തരങ്ങൾക്കും ലഭിക്കുന്ന ഗ്രേഡുകൾ പരിഗണിച്ച് ശതമാനപട്ടിക ഉപയോഗിച്ച് വിഷയത്തിന്റെ ഓവറോൾ ഗ്രേഡ് (A,B,C,D,E) നൽകാം.
9. പ്രാദേശിക കാരണങ്ങൾ കൊണ്ട് ഒരു വിദ്യാലയത്തിൽ പരീക്ഷ മുടങ്ങുകയാണെങ്കിൽ പുതിയ ചോദ്യപേപ്പറുകൾ തയ്യാറാക്കി സൗകര്യമായ ദിവസവും സമയവും കണ്ടെത്തി മൂല്യനിർണയം നടത്തേണ്ടതാണ്. ഇതിന്റെ ഉത്തരവാദിത്തം പ്രഥമാധ്യാപകന് ആയിരിക്കും.
10. കൂടുതൽ വിദ്യാലയങ്ങൾക്ക് പ്രാദേശികാവധി കൊടുക്കേണ്ടിവന്നാൽ വിദ്യാഭ്യാസ ഉപഡയറക്ടറുമായി ബന്ധപ്പെട്ട് ആവശ്യമായ ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.
11. ഒന്നാം ക്ലാസ്സിലെ രണ്ടാം ദിവസത്തെ പ്രവർത്തനങ്ങൾക്കായി തക്കാളിയും വാഴപ്പഴവും ക്ലാസ്സിന് രണ്ട് എന്ന ക്രമത്തിൽ കരുതേണ്ടതാണ്.

12 കുട്ടികൾ ക്രയോണുകൾ കരുതേണ്ട ദിവസങ്ങൾ.

- ക്ലാസ് 1,2 എല്ലാ ദിവസവും
- ക്ലാസ് 3 ഗണിതം, പരിസരപഠനം

സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ

എസ്.എസ്.എ